**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 986** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ബൈപ്പാസുകളുടെ വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ബൈപ്പാസുകൾ നാലുവരി പാതകളാക്കി വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** കിഫ്ബിയുടെ സാമ്പത്തിക സഹായത്തിലുള്ള റോഡുകളുടെയും, പാലങ്ങളുടെയും നിർവഹണ ഏജൻസിയായാണ് കെ.ആർ.എഫ്.ബി -പി.എം.യു അനുവർത്തിക്കുന്നത്. നിലവിൽ ടി കാര്യാലയം മുഖേന (1) കൊട്ടാരക്കര ബൈപ്പാസ് (കൊല്ലം), (2) ചിത്രപുഴ- മാമലാ റോഡ് തിരുവാങ്കുളം റോഡ് ബൈപ്പാസ്സ് (എറണാകുളം), (3) കോലഞ്ചേരി ബൈപ്പാസ് (എറണാക്കളം), (4) വടക്കാഞ്ചേരി ബൈപ്പാസ്(തൃശ്ശൂർ) എന്നി ബൈപ്പാസുകളെ കിഫ്ബി മാർഗനിർദ്ദേശമനുസരിച്ച് നാലുവരി പാതയായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** ഇതിനായി പൊതു - സ്വകാര്യപങ്കാളിത്തം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ മാതൃകകൾ ഇതിനായി പരിഗണിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** വിഷയത്തിൽ തീരുമാനമെടുക്കേണ്ടതുണ്ട്.

**(സി)** ബൈപ്പാസുകളുടെ വികസനത്തിനായി നിലവിൽ ഉപയോഗിച്ചുവരുന്നവയ്ക്ക് പകരം കാലാതിവർത്തിയായ സാങ്കേതികവിദ്യ സ്വീകരിക്കുന്നതിന് ആലോചനയുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കെ.ആർ.എഫ്.ബി മുഖേനയുള്ള ബൈപ്പാസുകളുടെ നിർമ്മാണത്തിന് IRC, KIIFB മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കാലാതീതമായ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി ഡി.പി.ആർ തയ്യാറാക്കുകയും അത് കിഫ്ബിയുടെ സാങ്കേതിക വിഭാഗം വിശദമായി പരിശോധിച്ച് അവയുടെ കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ്സ് നടത്തിയാണ് ഒരു പ്രോജക്ട് ഏത് തരത്തിൽ ആവിഷ്കരിക്കണമെന്ന് അന്തിമതീരുമാനം എടുക്കുന്നത്.

**(ഡി)** ബൈപ്പാസുകളുടെ വികസനത്തിലൂടെ വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ ഈ വർദ്ധിത വരുമാനം ഏതുവിധേന പുനർനിക്ഷേപിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** വിഷയത്തിൽ തീരുമാനമെടുക്കേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**